**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - അഡ്ഹോക്ക് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) 2019 - സെലക്ട് ലിസ്റ്റ് അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=====================================================================

**തദ്ദേശ സ്വയം ഭരണ (ഇ.പി.ബി)വകുപ്പ്**

സ.ഉ.(സാധാ) നം.2555/2019/തസ്വഭവ തീയതി, തിരുവനന്തപുരം.13.11.2019

=====================================================================

പരാമർശം : പഞ്ചായത്ത് ഡയറക്ടറുടെ 04.11.2019 ലെ PAN/11060/19-E1(DP) നമ്പർ കത്ത്.

**ഉത്തരവ്**

പഞ്ചായത്ത് വകുപ്പിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിൽ 2019 വർഷത്തിൽ ഉണ്ടാകാവുന്ന ഒഴിവുകളിലേക്ക് സ്ഥാനക്കയറ്റം നടത്തുന്നതിലേക്കായി 30.01.2019 ന് ചേർന്ന വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) സെലക്ട് ലിസ്റ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ പ്രസ്തുത സെലക്ട് ലിസിൽ ഉൾപ്പെട്ട എല്ലാ ഉദ്യോഗസ്ഥർക്കും പ്രൊമോഷൻ നൽകിയതിനാൽ വകുപ്പിലുണ്ടാകുന്ന ഒഴിവുകൾ നികത്തുന്നതിനായി സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനായി അഡ്ഹോക്ക് വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) 29.10.2019-ന് യോഗം ചേർന്ന് അംഗീകരിച്ച സെലക്ട് ലിസ്റ്റ് നോട്ടിഫിക്കേഷൻ ആയി പ്രസിദ്ധപ്പെടുത്തുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 29.10.2019-ൽ കൂടിയ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ലോവർ) തീരുമാനപ്രകാരം തയ്യാറാക്കിയ സെലക്ട് ലിസ്റ്റ് കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

അഡീഷണൽ സെക്രട്ടറി

1. ഡയറക്ടർ, ഗവൺമെന്റ് പ്രസ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം,തിരുവനന്തപുരം/തൃശ്ശൂർ

4. ഡയറക്ടർ,ഐ.കെ.എം., തിരുവനന്തപുരം
5. വിവര പൊതുജന സമ്പർക്ക ( വെബ് & ന്യൂ മീഡിയ ) വകുപ്പ്
6. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ